കടലാക്രമണത്തിൽ സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ പാലം പൂർണ്ണമായും കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതിനായി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. വരുന്ന സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന അവസരത്തിൽ ഈ പാലത്തിന് മുന്തിയ പരിഗണന നൽകുന്നതാണ്.

(33) വിദ്യാലയങ്ങളിലെ ലൈബ്രറികൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. ടി. പി. എം. സാഹിർ: സർ, സ്കൂളുകളുടെ ഭൗതികാവശ്യങ്ങൾ നിർവ്വഹിക്കുന്നത് എസ്.എസ്.എ. ഫണ്ട് മുഖേനയാണ്. ചോക്ക്, ഡസ്റ്റർ, ബോർഡ് അതുപോലെയുള്ള 136 ഐറ്റങ്ങൾക്കാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. സ്കൂൾ ലൈബ്രറിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഒരു ഫണ്ടും ഉപയോഗിക്കുന്നില്ല. ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കേണ്ട കാലമാണ്. പുസ്തകങ്ങൾ ഇന്ന് സ്കാനർ ഉപയോഗിച്ച് സി.ഡി.യിലേക്ക് മാറ്റാനുള്ള സൗകര്യമുണ്ട്. അതെല്ലാം മോഡേണൈസ്ഡ് ലൈബ്രറിയുടെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതാണ്. അതുകൊണ്ട് സ്കൂൾ ലൈബ്രറികൾ മോഡേണൈസ് ചെയ്യാൻവേണ്ട നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഇക്കാര്യത്തിന് മുൻ ഡി.പി.ഐ. ശ്രീ. വി. പി. ജോയി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്കൂൾ ലൈബ്രറികൾ നന്നാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പ്രത്യേകിച്ച് ഗ്രേഡിംഗ് വന്നതോടുകൂടി അഡീഷണലായി റീഡിംഗിനുള്ള സൗകര്യം സ്കൂൾ ലൈബ്രറികളിൽ ഉണ്ടാക്കണം. എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് സ്കൂൾ ലൈബ്രറികൾ നന്നാക്കാനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ടെക്നോളജി വളരെയധികം വികാസം പ്രാപിച്ചിട്ടുണ്ട്. മൈക്രോ ഫിലിം അല്ലെങ്കിൽ സി.ഡി. ആക്കുന്നത് തുടങ്ങിയ സംവിധാനങ്ങൾ സ്കൂൾ ലൈബ്രറികളിൽ ഉണ്ടാക്കേണ്ടതുണ്ട്. ഇപ്പോഴുള്ള എസ്.എസ്.എ. ഫണ്ട് കുറച്ചുകൂടി വർദ്ധിപ്പിച്ചിട്ട് സ്കൂൾ ലൈബ്രറികൾ നന്നാക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ പ്രയോറിറ്റി സെക്ടറാണ്.

മി. സ്പീക്കർ: ലൈബ്രറി നന്നാക്കുന്നതോടൊപ്പം പുസ്തക വായനയും പ്രോൽസാഹിപ്പിക്കണം. അതിനുംകൂടി മാർക്കു കൊടുക്കുന്ന ഒരു ഏർപ്പാട് ചെയ്തുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly